ആറ് (b)

പ്രബോധകൻെറ സ്വഭാവഗുണങ്ങൾ

4. ക്ഷമ, സഹനം, വിട്ടുവീഴ്ച

ദഅ്വത്തിൻെറ മാർഗത്തിൽവരുന്ന ഏത് പ്രതിസന്ധികളെയും തരണം ചെയ്യാനും വിഷമതകൾ സഹിച്ച് റബ്ബിൻെറ വിധിയിൽ വിശ്വാസമർപിച്ച് പ്രതിഫലേഛയോടെ മുന്നേറാൻ പ്രബോധകന് സാധിക്കേണ്ടതുണ്ട്. പരുഷസ്വഭാവികളോ വിവരദോഷികളോ ആണ് പ്രബോധിതരെങ്കിൽ സഹനത്തോടൊപ്പം വിട്ടുവീഴ്ചയും അനിവാര്യമായിവരും. സത്യമതത്തിലേക്ക് ക്ഷണിച്ചുകൊണ്ട് കടന്നുവന്ന പ്രവാചകന്മാർക്കും അനുചരന്മാർക്കും ഇത്തരം നിരവധി അനുഭവങ്ങളുണ്ടായിട്ടുണ്ട്. ചിലരെ എതിരാളികളായിരുന്ന സ്വജനത വധിക്കുകപോലുമുണ്ടായിട്ടുണ്ട്. മുഹമ്മദ് നബി(ﷺ)യെയും സ്വഹാബത്തിനെയും സ്വന്തം നാട്ടിൽ നിന്ന് പുറത്താക്കിയതും ത്വാഇഫുകാർ കല്ലെറിഞ്ഞ് ഓടിച്ചതും ഈ മാർഗത്തിലായിരുന്നു. അതുകൊണ്ടൊക്കെയായിരിക്കണം ദഅ്വത്തിനെക്കുറിച്ച് പ്രതിപാദിക്കുന്നയിടങ്ങളിൽ ക്ഷമയെക്കുറിച്ചും ഖുർആൻ പ്രത്യേകം ഊന്നിപ്പറയുന്നത്:

وَٱلْعَصْرِ ۝ إِنَّ ٱلْإِنسَـٰنَ لَفِى خُسْرٍ ۝ إِلَّا ٱلَّذِينَ ءَامَنُوا۟
وَعَمِلُوا۟ ٱلصَّـٰلِحَـٰتِ وَتَوَاصَوْا۟ بِٱلْحَقِّ وَتَوَاصَوْا۟ بِٱلصَّبْرِ

“കാലംതന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ” (103:1-3).

فَٱصْبِرْ كَمَا صَبَرَ أُو۟لُوا۟ ٱلْعَزْمِ مِنَ ٱلرُّسُلِ وَلَا تَسْتَعْجِل لَّهُمْ ۚ
كَأَنَّهُمْ يَوْمَ يَرَوْنَ مَا يُوعَدُونَ لَمْ يَلْبَثُوٓا۟ إِلَّا سَاعَةً مِّن
نَّهَارٍۭ ۚ بَلَـٰغٌ ۚ فَهَلْ يُهْلَكُ إِلَّا ٱلْقَوْمُ ٱلْفَـٰسِقُونَ

“ആകയാൽ ദൃഢമനസ്കരായ ദൈവദൂതന്മാർ ക്ഷമിച്ചതുപോലെ നീ ക്ഷമിക്കുക. അവരുടെ (സത്യനിഷേധികളുടെ) കാര്യത്തിന് നീ ധൃതി കാണിക്കരുത്. അവർക്ക് താക്കീത് നൽകപ്പെടുന്നത് (ശിക്ഷ)

അവർ നേരിൽ കാണുന്ന ദിവസം പകലിൽനിന്നുള്ള ഒരു നാഴിക നേരം മാത്രമേ തങ്ങൾ (ഇഹലോകത്ത്) താമസിച്ചിട്ടുള്ളൂ എന്നപോലെ അവർക്ക് തോന്നും. ഇതൊരു ഉദ്ബോധനം ആകുന്നു. എന്നാൽ ധിക്കാരികളായ ജനങ്ങളല്ലാതെ നശിപ്പിക്കപ്പെടുമോ?" (46:35).

وَإِن تَدْعُوهُمْ إِلَى ٱلْهُدَىٰ لَا يَسْمَعُوا۟ ۖ وَتَرَىٰهُمْ يَنظُرُونَ إِلَيْكَ وَهُمْ لَا يُبْصِرُونَ ۝ خُذِ ٱلْعَفْوَ وَأْمُرْ بِٱلْعُرْفِ وَأَعْرِضْ عَنِ ٱلْجَٰهِلِينَ

"നിങ്ങൾ അവരെ നേർവഴിയിലേക്ക് ക്ഷണിക്കുന്നപക്ഷം അവർ കേൾക്കുകയില്ല. അവർ നിൻെറ നേരെ നോക്കുന്നതായി നിനക്ക് കാണാം. എന്നാൽ അവർ കാണുന്നില്ലതാനും. നീ വിട്ടുവീഴ്ച സ്വീകരിക്കുകയും സദാചാരം കല്പിക്കുകയും, അവിവേകികളെ വിട്ട് തിരിഞ്ഞ് കളകയുകയും ചെയ്യുക" (7:198-199).

يَٰبُنَيَّ أَقِمِ ٱلصَّلَوٰةَ وَأْمُرْ بِٱلْمَعْرُوفِ وَٱنْهَ عَنِ ٱلْمُنكَرِ وَٱصْبِرْ عَلَىٰ مَآ أَصَابَكَ إِنَّ ذَٰلِكَ مِنْ عَزْمِ ٱلْأُمُورِ

"എൻെറ കുഞ്ഞുമകനേ, നീ നമസ്കാരം മുറപോലെ നിർവഹിക്കുകയും സദാചാരം കല്പിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽപെട്ട തത്രെ അത്" (31:17).

മാതൃകാ പുരുഷന്മാരായ പ്രവാചകന്മാരുടെ പ്രബോധനം സഹനവും വിട്ടുവീഴ്ചയും സൗമ്യതയും നിറഞ്ഞതായിരുന്നു. മൂസാനബി (ﷺ)യോടും ഹാറൂൺ നബി (ﷺ)യോടും അല്ലാഹു നിർദേശിച്ചത് ഖുർആൻ ഇപ്രകാരം വ്യക്തമാക്കുന്നു:

فَقُولَا لَهُۥ قَوْلًا لَّيِّنًا لَّعَلَّهُۥ يَتَذَكَّرُ أَوْ يَخْشَىٰ

"എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരു വേള ചിന്തിച്ച് മനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടുവെന്ന് വരാം" (20:44).

മുഹമ്മദ് നബി(ﷺ)യെ പ്രശംസിച്ചു കൊണ്ട് പറഞ്ഞപ്പോഴും ഈ ഉൽകൃഷ്ട സ്വഭാവം ഖുർആൻ പ്രത്യേകം എടുത്തുകാണിച്ചത് ശ്രദ്ധേയമാണ്:

فَبِمَا رَحْمَةٍ مِّنَ ٱللَّهِ لِنتَ لَهُمْ ۖ وَلَوْ كُنتَ فَظًّا غَلِيظَ ٱلْقَلْبِ لَٱنفَضُّوا۟ مِنْ حَوْلِكَ ۖ فَٱعْفُ عَنْهُمْ وَٱسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِى ٱلْأَمْرِ ۖ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى ٱللَّهِ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُتَوَكِّلِينَ

"(നബിയേ), അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യംകൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷ സ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിൻെറ ചുറ്റിൽനിന്നും അവർ പിരിഞ്ഞുപോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പ് കൊടുക്കുകയും അവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്തുകഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേല്പിക്കുക. തന്നിൽ ഭരമേൽല്പിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്" (3:159).

5. നസ്വീഹത്ത് (ഗുണകാംക്ഷ)

കേവലം കാര്യങ്ങൾ എത്തിച്ചുകൊടുക്കുക, എതിർ തെളിവ് സ്ഥാപിക്കുക എന്നതിലുപരി പ്രബോധിത സമൂഹം ഈ സത്യം ഉൾക്കൊണ്ടുകാണാൻ ഉത്ക്കടമായ ആഗ്രഹമുള്ളവനായിരിക്കണം പ്രബോധകൻ. തനിക്ക് സത്യമാർഗം സ്വീകരിക്കാൻ സാധിച്ചതുപോലെ അവർക്കും കഴിയണേ എന്ന പ്രാർഥനയോടെയാവണം പ്രബോധനപ്രവർത്തനങ്ങളിൽ പങ്കാളിയാവേണ്ടത്. തന്നോട് മറ്റുള്ളവർ നല്ല രീതിയിൽ പെരുമാറണമെന്ന് ആഗ്രഹിക്കുന്നതുപോലെ താനും മറ്റുള്ളവരോട് ഗുണകാംക്ഷയോടെ പെരുമാറാൻ ശ്രമിക്കുകയുമാണ് വിശ്വാസി വേണ്ടത്. പ്രവാചകന്മാരുടെ പ്രബോധനം വിവരിക്കുന്ന കൂട്ടത്തിൽ ഈ 'നസ്വീഹത്തി'നെക്കുറിച്ച് ഖുർആൻ പ്രത്യേകം പറഞ്ഞത് ശ്രദ്ധേയമാണ്. ചില ഉദാഹരണങ്ങൾ കാണുക:

أُبَلِّغُكُمْ رِسَـٰلَـٰتِ رَبِّى وَأَنصَحُ لَكُمْ وَأَعْلَمُ مِنَ ٱللَّهِ مَا لَا تَعْلَمُونَ

നൂഹ് നബി പറഞ്ഞതായി ഖുർആൻ പറയുന്നു: "എൻെറ രക്ഷിതാവിൻെറ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരികയും, നിങ്ങളോട് ഗുണകാംക്ഷയോടെ ഉപദേശിക്കുകയുമാകുന്നു. നിങ്ങൾക്കറിഞ്ഞുകൂടാത്ത പലതും അല്ലാഹുവിങ്കൽനിന്ന് ഞാനറിയുന്നുമുണ്ട്" (7:62).

أُبَلِّغُكُمْ رِسَـٰلَـٰتِ رَبِّى وَأَنَا۠ لَكُمْ نَاصِحٌ أَمِينٌ

ഹൂദ് നബി(ﷺ) പറഞ്ഞു: "എൻെറ രക്ഷിതാവിൻെറ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നു. ഞാൻ നിങ്ങളുടെ വിശ്വസ്തനായ ഗുണകാംക്ഷിയുമാകുന്നു" (7:68).

സ്വാലിഹ് നബി (ﷺ)ൻെറ ചരിത്ര വിവരണം അവസാനിപ്പിക്കുമ്പോഴും ഇതുതന്നെയാണ് സൂചിപ്പിച്ചത്:

فَتَوَلَّىٰ عَنْهُمْ وَقَالَ يَـٰقَوْمِ لَقَدْ أَبْلَغْتُكُمْ رِسَالَةَ رَبِّى وَنَصَحْتُ لَكُمْ وَلَـٰكِن لَّا تُحِبُّونَ ٱلنَّـٰصِحِينَ

“അനന്തരം സ്വാലിഹ് അവരിൽനിന്ന് പിന്തിരിഞ്ഞുപോയി. അദ്ദേഹം പറഞ്ഞു: എന്റെ ജന ങ്ങളേ, തീർച്ചയായും ഞാൻ നിങ്ങൾക്ക് എന്റെ രക്ഷിതാവിന്റെ സന്ദേശം എത്തിച്ചുതരികയും ഗുണകാംക്ഷയോടെ ഞാൻ നിങ്ങളോട് ഉപദേശിക്കുകയുമുണ്ടായി. പക്ഷേ, സദുപദേശികളെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല” (7:79).

6. പ്രതീക്ഷയും പ്രത്യാശയും

തന്റെ ദഅ്വത്തുകൊണ്ട് പ്രതീക്ഷിച്ചത്ര ഫലമുണ്ടായില്ല. എത്ര പറഞ്ഞിട്ടും ആളുകൾ സ്വീകരിക്കുന്നില്ല. ഇനി മതിയാക്കാം എന്ന നിരാശയുടെ വാക്കുകൾ ഒരു പ്രബോധകനിൽനിന്നുണ്ടാകാവതല്ല. മറിച്ച് പ്രതീക്ഷയും പ്രത്യാശയുമായിരിക്കണം അവനെ നയിക്കേണ്ടത്. പ്രവാചകന്മാരുടെ ജീവിതം അതിന് വ്യക്തമായ മാതൃകയാണ്. 950 വർഷക്കാലം പ്രബോധനം ചെയ്ത നൂഹ്നബി(ﷺ)യെ ഖുർആൻ പരിചയപ്പെടുത്തുന്നു:

وَلَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَلَبِثَ فِيهِمْ أَلْفَ سَنَةٍ إِلَّا
خَمْسِينَ عَامًا فَأَخَذَهُمُ ٱلطُّوفَانُ وَهُمْ ظَٰلِمُونَ

“നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് അയക്കുകയുണ്ടായി. അമ്പതു കൊല്ലം ഒഴിച്ചാൽ ആയിരം വർഷം തന്നെ അദ്ദേഹം അവർക്കിടയിൽ കഴിച്ചു കൂട്ടി. അങ്ങനെ അവർ അക്രമികളായിരിക്കെ പ്രളയം അവരെ പിടികൂടി” (29:14).

وَمَآ ءَامَنَ مَعَهُۥٓ إِلَّا قَلِيلٌ

“..........അദ്ദേഹത്തോടൊപ്പം കുറച്ചുപേരല്ലാതെ വിശ്വസിച്ചിട്ടുണ്ടായിരുന്നില്ല” (11:40).

അല്ലാഹു ഏറ്റവും തൃപ്തിപ്പെടുന്ന രീതിയിൽ അവന്റെ മാർഗത്തിലേക്ക് ക്ഷണിക്കാനും ഉൽകൃഷ്ട ഗുണങ്ങളുള്ളവരായി ജീവിച്ച് ഈമാനോടുകൂടി മരിക്കുവാനും നമ്മെ അനുഗ്രഹിക്കട്ടെ!

തുടരും...